# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 8148 — 17.07.2014 – ൽ മറുപടിയ്ക്ക്

## നെയ്യാറ്റിൻകര ആയുർവേദ കേന്ദ്രത്തിന് സബ് സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻനായർ | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | തിരുവനന്തപുരം ജില്ലയിൽ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ആയുർവേദ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ആയുർവേദ സെന്ററുകൾക്ക് താലൂക്കിലെ മറ്റു സ്ഥലങ്ങളിൽ സബ്സെന്ററുകൾ അനുവദിക്കാറുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | ഇത്തരത്തിൽ എത്ര സബ്സെന്ററുകൾ ജില്ലയിലാകെ പ്രവർത്തിക്കുന്നുണ്ട് ; | (സി) | 2 എണ്ണം |
| (ഡി) | നെയ്യാറ്റിൻകര ആയുർവേദ കേന്ദ്രത്തിന് സബ് സെന്റർ അനുവദിക്കണമെന്ന നഗരസഭയുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഉണ്ട് |
| (ഇ) | എങ്കിൽ എവിടെ സബ് സെന്റർ സ്ഥാപിക്കണമെന്നാണ് നഗരസഭ ആവശ്യപ്പെട്ടിട്ടുള്ളത് ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (ഇ) | നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയുടെ കീഴിൽ വരുന്ന പുന്നയ്ക്കാട്, മാമ്പഴക്കര എന്നീ രണ്ട് വാർഡുകളിൽ സബ് സെന്ററുകൾ സ്ഥാപിക്കണമെന്നാണ് നഗരസഭ ആവശ്യപ്പെട്ടിരിക്കുന്നത്. പുന്നയ്ക്കാട് സബ് സെന്റർ ആരംഭിക്കാനുദ്ദേശിക്കുന്ന സ്ഥലം ജില്ലാ മെഡിക്കൽ ഓഫീസർ സന്ദർശിക്കുകയുണ്ടായെങ്കിലും |

സബ് സെന്റർ അനുവദിക്കുന്നതിനെ ചൊല്ലി അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നുണ്ടെന്ന മുൻസിപ്പൽ ചെയർമാന്റെ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ മടങ്ങിപോവുകയുണ്ടായി. മാമ്പഴക്കര വാർഡിൽ സബ് സെന്റർ ആരംഭിക്കണമെന്ന ആവശ്യം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (എഫ്) | ഇതുമായി ബന്ധപ്പെട്ട് പുന്നയ്ക്കാട് പ്രദേശത്തെ നാട്ടുകാരുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത നിവേദനത്തിലെ ആവശ്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ ; ആവശ്യത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ ? | (എഫ്) | നിവേദനം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| | ഡിസീസസ്, കോട്ടയ്ക്കൽ | |
| ആകെ | | 134 |